# എൻറോൺ വിരുദ്ധവാരം

കൊച്ചി:ക്വിറ്റ് ഇന്ത്യ ദിനമായ ആഗസ്റ്റ് ഒമ്പതുമുതൽ സ്വാതന്ത്ര്യദിനം വരെയുള്ള ഒരാഴ്ചക്കാലം എൻറോൺവിരുദ്ധവാരമായി ആചരിക്കാൻ ജനകീയപ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യം (എൻ.എ.പി.എം.) തീരുമാനിച്ചിരിക്കുന്നു.

മഹാരാഷ്ട്രാ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയാകെതകർക്കുന്ന എൻറോൺ പദ്ധതി സുഗമമായി നടത്താൻ അനുവദിച്ചില്ലെങ്കിൽ ഗുരുതരമായ പ്രത്യാഘാതമുണ്ടാകുമെന്ന് അമേരിക്കൻ പ്രസിഡണ്ട് ബുഷ് അടക്കമുള്ളവർ വെല്ലുവിളിക്കുന്ന സാഹചര്യത്തിൽ അമ്പത്തിനാലുവർഷം മുമ്പു നമുക്കു ലഭിച്ച സ്വാതന്ത്ര്യം നഷ്ടപ്പെടുന്നതായി കാണപ്പെടുന്നു. ഇതിനെതിരായി ഈ ഒരാഴ്ചക്കാലം സംസ്ഥാനമൊട്ടാകെ പോസ്റ്റർ പ്രചരണങ്ങളും യോഗങ്ങളും പ്രകടനങ്ങളും നടത്താൻ ജൂലായ് 29 ന് എറണാകുളത്തുചേർന്ന എൻ.എ.പി.എം. സംസ്ഥാന പ്രവർത്തന കൺവെൻഷൻ തീരുമാനിച്ചു.

രാജ്യത്ത് ഭക്ഷ്യധാന്യങ്ങളുടേയും മറ്റ് അവശ്യ വസ്തുക്കളുടേയും പൊതുവിതരണ സംവിധാനം പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നവംബർ ഒന്നു മുതൽ അനിശ്ചിതകാലസമരം നടത്താൻ യോഗം തീരുമാനിച്ചു.

പൂയംകുട്ടി, അതിരപ്പിള്ളി തുടങ്ങിയ ജല വൈദ്യുതി പദ്ധതികളും കണ്ണൂർ താപനിലയവും നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള ഗൂഢാലോചനയുടെ ഭാഗമാണ് സൈലന്റ് വാലി പദ്ധതി പുനരുജ്ജീവിക്കാൻ വേണ്ടി നടത്തുന്ന ശ്രമമെന്ന് യോഗം വിലയിരുത്തി. ഇത്തരത്തിലുള്ള ഏതു ശ്രമങ്ങളേയും പരാജയപ്പെടുത്താൻ വൻ ജനകീയപ്രക്ഷോഭങ്ങൾക്കു രൂപം നൽകുമെന്നു യോഗം മുന്നറിയിപ്പു നൽകി.